തുകയോടൊപ്പം 25 ശതമാനം കൂടി അധികമായി നൽകും. പട്ടയം ഇല്ലാത്തവർക്കും വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്കും കച്ചവടസ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതാണ്. ഈ രൂപത്തിൽ ജനങ്ങളുടെ സഹകരണത്തോടുകൂടിയാണ് നടത്തുന്നത്. ഇതിനെ അട്ടിമറിക്കാൻ ശ്രമിക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. പാലം വികസനം അട്ടിമറിക്കാൻ ആരേയും അനുവദിക്കില്ല. തിരുവനന്തപുരത്തിന്റെ ചിരകാല അഭിലാഷമായ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ സർക്കാരിന് ആവശ്യമാണ്.

ശ്രീ. ആർ. സെൽവരാജ്: സർ, വളരെ കുരുക്ക് സൃഷ്ടിക്കുന്ന, വളരെയേറെ പഴക്കംചെന്ന അമരവിള പാലം പുതിയതും പഴയതുമുണ്ട്. ഈ രണ്ട് പാലത്തിലൂടെയും പോകുന്നതിന് ടോൾ കൊടുക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് ഈ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വിജയകുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

ലോട്ടറി തട്ടിപ്പുകേസ് അട്ടിമറിച്ച സംഭവം

ശ്രീ. വി. ഡി. സതീശൻ: സർ, 2010 നവംബർ 29-ാം തീയതി ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരു കത്തെഴുതി. ആ കത്തിൽ പറഞ്ഞിരുന്നത് കഴിഞ്ഞ നാലുവർഷമായി സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ ഭാഗമായി 80,000 കോടി രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ടെന്നും ഈ 80,000 കോടി രൂപ ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടെന്നും അതുകൊണ്ട് സി.ബി.ഐ-യോ എൻ.ഐ.എ.യോ ഈ കേസ് അന്വേഷിക്കണമെന്നുമാണ്. ഇതിനുമറുപടിയായി കൃത്യം ഒരുമാസം കഴിഞ്ഞപ്പോൾ 29-12-2010-ന് കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി സംസ്ഥാന മുഖ്യമന്ത്രിക്ക് ഒരു കത്തയച്ചിരുന്നു. ആ കത്തിൽ സംസ്ഥാന ഗവൺമെന്റ് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സെപ്തംബർ 19-ാം തീയതി കത്തയച്ചതിനുശേഷം ഗവൺമെന്റ് ഓഫ് ഇന്ത്യ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആഭ്യന്തര മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം, വാണിജ്യ മന്ത്രാലയം, നിയമ മന്ത്രാലയം തുടങ്ങിയ പ്രധാനപ്പെട്ട നാല് മന്ത്രാലയങ്ങൾ ഇടപെട്ടുകൊണ്ട് ഭൂട്ടാൻ ലോട്ടറിയുടെ ക്രമക്കേടിന് പരിഹാരമുണ്ടാക്കുവാൻ വേണ്ടി അവർ നടത്തിയ ശ്രമങ്ങളെക്കുറിച്ച് വളരെ വിശദമായി പ്രതിപാദിക്കുന്നു. ഈ കത്തിന്റെ അവസാനത്തെ പാരഗ്രാഫ് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നതിന്റെ സാധ്യതകളെക്കുറിച്ചും അതിന്റെ ലീഗൽ പൊസിഷനെക്കുറിച്ചും ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത് ..... Your letter dated 29/11/2010 does not contain a specific request for referring any specific case, F.I.R., Police Station etc. to the C.B.I. Besides in respect of a proposal for handing over the investigation of any case to the C.B.I., the legal position is that the Central Government cannot suo moto entrust the investigation of an offence which has taken place in a State to the C.B.I. Unless the State Government proposes transfer of the case to the CBI and gives its consent under Sec.6 of the Delhi Special Police Establishment Act. The State Government should also make a notification in this behalf.....എന്നാണ്. അതായത് കേന്ദ്ര ഗവൺമെന്റിന് സുവോമോട്ടോ ആയി സി.ബി.ഐ. കേസ് എടുക്കാൻ കഴിയില്ല. ഒന്നുകിൽ ഏതെങ്കിലും കോടതികൾ നിർദ്ദേശിക്കണം. അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് ഈ സംസ്ഥാനത്ത് നടന്ന ഒഫൻസ് എന്നുള്ള നിലയിൽ പോലീസ് സ്റ്റേഷനിൽ ഒരു എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ആ കേസ്സെടുത്ത്, ആ കേസ് സി.ബി.ഐ.ക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കണം. ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ 6-ാം വകുപ്പ് അനുസരിച്ച് ഒരു നോട്ടിഫിക്കേഷൻ കൂടി ഉണ്ടെങ്കിൽ മാത്രമേ സി.ബി.ഐ.-ക്ക് കേസ് ഏറ്റെടുക്കാൻ കഴിയുകയുള്ളു. ഈ കത്ത് ഇറിടെ വന്നതിനുശേഷം 55 ദിവസമായി. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് പല കത്തുകളും പുറത്തുവരാറുണ്ട്. പക്ഷേ ഈ കത്ത് മാത്രം പുറത്തുവന്നില്ല. 55 ദിവസമായി ഈ കത്ത് വച്ചിരിക്കുകയാണ്. ഏറ്റവും സങ്കടകരമായ കാര്യം ഈ കത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇരിക്കുമ്പോൾ അദ്ദേഹം ഹൈക്കോടതിയിൽ ഒരു റിട്ട് കൊടുത്തു. കേന്ദ്ര ഗവൺമെന്റ് ഈ കാര്യത്തിൽ ഒന്നും ചെയ്യുന്നില്ല. സി.ബി.ഐ. അന്വേഷണം നടത്തുന്നില്ല, അതുപോലെതന്നെ ഭൂട്ടാൻ ലോട്ടറി നിരോധിക്കാൻ യാതൊരു നടപടികളും സ്വീകരിക്കുന്നില്ല എന്ന് പ്രചരണത്തിനുവേണ്ടി ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽ ചെയ്തു. ഞങ്ങൾ ചോദിക്കുന്നത് ഈ മന്ത്രിസഭാ യോഗംകൂടി സി.ബി.ഐ. അന്വേഷണം ഏർപ്പെടുത്തുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ എന്നാണ്. സാന്റിയാഗോ മാർട്ടിനെ അറസ്റ്റ് ചെയ്യാൻ സുപ്രീംകോടതിയുടെ അനുമതി വേണമെന്ന് പറഞ്ഞു; സുപ്രീംകോടതിയുടെ അനുമതിക്കുവേണ്ടി ഇത്രയും ദിവസമായി ഈ ഗവൺമെന്റ് എന്തുചെയ്തു? അതുപോലെ കുന്നത്തൂർമേട്ടിൽ സാന്റിയാഗോ മാർട്ടിന്റെ ആസ്ഥാനത്ത് തീവെയ്പ്പ് നടന്നു. ആ തീവെയ്പ്പ് മനഃപൂർവ്വമായി ഉണ്ടായ തീവെയ്പ്പാണെന്ന് സിബി മാത്യൂവിന്റെ നേതൃത്വത്തിലുള്ള പോലീസ് ഗവൺമെന്റിന് റിപ്പോർട്ട് കൊടുത്തു. തീവെയ്പ് കേസിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. രണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഞങ്ങൾ ഈ വിഷയം നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ ഞങ്ങളുടെ ടാർജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ആയിരുന്നില്ല. ഞങ്ങളുടെ ടാർജറ്റ് ലോട്ടറി മാഫിയയായിരുന്നു. പക്ഷേ മുഖ്യമന്ത്രി ഇതൊരു

സാമൂഹ്യപ്രശ്നം എന്നുള്ള നിലയിലാണ് ഇത് ഏറ്റെടുത്തതെന്നാണ് ഞങ്ങൾ എല്ലാവരും കരുതിയത്. പക്ഷേ അദ്ദേഹത്തിന്റെ ടാർജറ്റ് പാർട്ടിയുടെ വിഭാഗീയതയുടെ ഭാഗമായി ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ആയിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ ഈ അജണ്ടയില്ല. വളരെ ഗുരുതരമായ ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകൻ ശ്രീ. അരുൺകുമാർ 2004 മുതൽ ഓൺലൈൻ ലോട്ടറി നടത്തിപ്പുമായി ബന്ധമുള്ള ആളാണ്. ഇത് ഈ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. മുഖ്യമന്ത്രിയുടെ മകൻ അരുൺകുമാറിനെ ലോട്ടറി മാഫിയ ബന്ധപ്പെട്ടിട്ടാണ് ഈ ലോട്ടറി കേസ്സിൽ സി.ബി.ഐ. അന്വേഷണം അട്ടിമറിച്ചിരിക്കുന്നത് എന്ന് ഞാൻ ഗൗരവപൂർവ്വം അറിയിക്കുന്നു..... (തടസ്സം)..... 55 ദിവസമായി ഈ കത്ത് പൂഴ്ത്തിവച്ച് സി.ബി.ഐ. അന്വേഷണത്തെ അട്ടിമറിച്ചിരിക്കുന്നത്.....(തടസ്സം)...

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ലോട്ടറി കേസിൽ കേന്ദ്ര ആഭ്യന്തരവകുപ്പുമന്ത്രി ചിദംബരത്തോട് കേരള സർക്കാർ ആവശ്യപ്പെട്ടത് സി.ബി.ഐ. അന്വേഷണമല്ല. കേന്ദ്ര നിയമത്തിലെ 6-ാം വകുപ്പുപ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ അധികാരം ഉപയോഗിച്ച് അനധികൃത ലോട്ടറികൾ താൽക്കാലികമായെങ്കിലും നിറുത്തിവയ്ക്കാൻ ഇടപെടണമെന്നായിരുന്നു. കേന്ദ്രസർക്കാർ തന്നെ അന്യസംസ്ഥാനങ്ങളുടെയും ഭൂട്ടാന്റെയും ലോട്ടറികളിൽ കണ്ടെത്തിയ വീഴ്ചകളെ സംബന്ധിച്ച് സി.ബി.ഐ.യോ എൻ.ഐ.എ.യോ അന്വേഷിക്കുന്നതുവരെ ഈ ലോട്ടറികൾ വില്ക്കുന്നത് തടയണമെന്നായിരുന്നു ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ ശ്രീ. ചിദംബരത്തോട് ആവശ്യപ്പെട്ടത്. ആ ചുമതല നിറവേറ്റുന്നതിനുപകരം കേന്ദ്ര അന്വേഷണത്തിന് പ്രധാനമന്ത്രിയെ സമീപിക്കാൻ ശ്രീ. ചിദംബരം സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയായിരുന്നു. ആ കത്ത് കിട്ടിയ ഉടൻതന്നെ പ്രധാനമന്ത്രിക്ക് കേരളം കത്തയയ്ക്കുകയും ചെയ്തു. ആ കത്ത് അന്വേഷണത്തിനുള്ള കേരള സർക്കാരിന്റെ അനുമതിയായി പരിഗണിക്കണമെന്ന് പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ലോട്ടറി മാഫിയയ്ക്കുവേണ്ടി കേരളത്തിലെ കോടതികളിൽ കയറിയിറങ്ങിയവർ ചിദംബരവും ഭാര്യ നളിനി ചിദംബരവും മാത്രമല്ല കോൺഗ്രസ് വക്താവായ അഭിഷേക് സിംഗ്വിയുമാണ്. ലോട്ടറി മാഫിയയെ സംരക്ഷിക്കുകയും നിലനിറുത്തുകയും ചെയ്യുന്നത് അവരാണ്. കേരളത്തിൽ അന്യസംസ്ഥാന ലോട്ടറിയുടെ വില്പന അനുവദിക്കാത്ത സാഹചര്യത്തിൽ ഇതിന്റെ പിന്നിൽ കേന്ദ്ര സർക്കാരും കോൺഗ്രസ്സുമാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടുകഴിഞ്ഞു. ആ നാണക്കേട് മറച്ചുവയ്ക്കാനാണ് ഇത്തരം തറവേലകൾ..... സൂര്യനെ പഴമുറംകൊണ്ട് മറച്ചുവയ്ക്കാൻ കഴിയുമോ മിസ്റ്റർ ഉമ്മൻ ചാണ്ടി? ഇനിയെങ്കിലും ലോട്ടറി വിഷയത്തിൽ സത്യസന്ധമായി ഇടപെടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ ഉമ്മൻ ചാണ്ടിയും കൂട്ടരും തയ്യാറാവണം. സിംഗ്വി വീണ്ടും.....(ബഹളം)..... സിംഗ്വി വീണ്ടും എ.ഐ.സി.സി.യുടെ ഔദ്യോഗിക

LIBRARY ARCHIVES Kerala Legislative Assembly

വക്താവായി വന്നിരിക്കുന്നു. നിങ്ങളുടെ കെ.പി.സി.സി.യുടെ എതിർപ്പിനെ വകവയ്ക്കാതെയാണോ ഇപ്പോൾ വീണ്ടും സിംഗ്വിയുടെ വരവ്? ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയെ വെല്ലുവിളിക്കുകയും അപമാനിക്കുകയും ചെയ്ത പ്രതിപക്ഷ നേതാവ് മിസ്റ്റർ ഉമ്മൻ ചാണ്ടിയും മറ്റ് യു.ഡി.എഫ് നേതാക്കളും ഇന്ത്യയിലെ ജനങ്ങളോട് മാപ്പുപറയണം. *** .....(ബഹളം)..... ലോട്ടറിയുടേത് പറഞ്ഞുകഴിഞ്ഞു. ഇനി വീണ്ടും നിങ്ങൾക്കുള്ള കൂടുതൽ കൂടുതൽ കാര്യം പറയുകയാണ് ശ്രദ്ധിച്ചു കേട്ടോളൂ... (ബഹളം)...

മി. സ്പീക്കർ: യെസ്.....യെസ്.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ***

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, *** പൊതുമുതൽ കട്ടുമുടിക്കുന്നവർ ശിക്ഷിക്കപ്പെടണമെന്നാണ് ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ എക്കാലത്തെയും എന്റെ നിലപാട്. അതുകൊണ്ടാണ് അഴിമതിക്കേസുകളിൽ സുപ്രീംകോടതിയെ സമീപിച്ചത്. ആ നിലപാട് ഇപ്പോഴത്തെ പ്രതിപക്ഷ നേതാവിന് സ്വീകരിക്കാമല്ലോ? അതിനുപകരം സുപ്രീംകോടതിയെ വെല്ലുവിളിക്കുന്നതും കുറ്റപ്പെടുത്തുന്നതും ഭൂഷണമാണോ എന്ന് ഞാൻ ചോദിക്കുകയാണ്. ഇത് ഭൂഷണമല്ല എന്ന കാര്യം ഞാൻ അറിയിക്കുകയാണ്. .....(ബഹളം)....

10.00 AM]

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. യെസ്.....യെസ്..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം.....(ബഹളം).. യെസ്.....യെസ്.....

ശ്രീ. കെ. എം. മാണി: സർ, പോയിന്റ് ഓഫ് ഓർഡർ ഉണ്ട്. ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചാൽ .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....

(ഭരണകക്ഷിയിലെ അംഗങ്ങൾ സീറ്റ് വിട്ടെഴുന്നേറ്റ് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. കെ. എം. മാണി: സർ, സബ്മിഷൻ ഉന്നയിച്ചാൽ .... (ബഹളം)...അവരോട് മിണ്ടാതിരിക്കാൻ പറയണം. അവരെ ഒന്ന് ഓർഡർ ആക്കണം, സർ.....

മി. സ്പീക്കർ : .....യെസ്.....ശ്രീ. കെ. വി. കുഞ്ഞിരാമൻ, സീറ്റുകളിലേക്ക് പോകണം. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലേക്ക് പോകണം. .....(ബഹളം).. യെസ്.....യെസ്....സീറ്റുകളിലേക്ക് പോകണം...

***സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 894/ഇ.ബി11./ലെജി. തീയതി 28-2-2011) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വിശ്വൻ.....ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് സംസാരിച്ചു കഴിഞ്ഞോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, സംസാരിക്കാൻ ഇനിയുമുണ്ട്. ...(ബഹളം).....

മി. സ്പീക്കർ : ശ്രീ. കെ. എം. മാണി....ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് സംസാരിച്ചുകഴിഞ്ഞു. യെസ്.....യെസ്.... പ്ലീസ്....പ്ലീസ്..... പോയിന്റ് ഓഫ് ഓർഡർ .....മുഖ്യമന്ത്രി സംസാരിച്ചുകഴിഞ്ഞോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇവിടെ സബ്മിഷനിൽ ഉന്നയിച്ച കാര്യങ്ങൾ പറയണം. .....(ബഹളം)...യെസ്... ചെയർ തന്നെ പറഞ്ഞല്ലോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, (ബഹളം)....***..... (ബഹളം).....

മി. സ്പീക്കർ: യെസ്.....യെസ്....യെസ്.....(ബഹളം).....പ്ലീസ്..... പ്ലീസ്.....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മാണി സാർ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതിന്.....

മി. സ്പീക്കർ: ചെയർ തന്നെ പറഞ്ഞു അത്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അവസരം കൊടുക്കണം. അത് കഴിഞ്ഞിട്ട് സംസാരിക്കാം.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അത് ചെയർ തന്നെ പറഞ്ഞു കഴിഞ്ഞു.....സബ്മിഷൻ ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറയണമെന്ന് ചെയർ തന്നെ പറഞ്ഞുകഴിഞ്ഞു.....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ആ സബ്മിഷനുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പറഞ്ഞത് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യുമോ?.....

മി. സ്പീക്കർ: പരിശോധിക്കുന്നതാണ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നമ്മുടെ സഭയിൽ ചില ചട്ടങ്ങളുണ്ട്...അത് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഒരുപോലെ ബാധകമാണ്. ഒരു സബ്മിഷൻ ഒരു മെമ്പർ ഉന്നയിച്ചാൽ അതിന് മറുപടി പറയുക, മറ്റ്.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം..... പ്ലീസ്.....(ബഹളം).....പ്രതിപക്ഷ നേതാവ് സംസാരിക്കുകയല്ലേ? പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.....

***സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 894/ഇ.ബി11./ലെജി. തീയതി 22-2-2011) സഭാ രേഖകളിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ,.....(ബഹളം).....

മി. സ്പീക്കർ: ശ്രീ. സി. കെ. പി.....അങ്ങേക്ക് അവസരം തരാം.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മുഖ്യമന്ത്രി ലോട്ടറിയുടെ കാര്യം പറഞ്ഞു തീരുന്നതുവരെ ഒരു അപശബ്ദവും ഇവിടെ ഉണ്ടായിട്ടില്ല. അതുകഴിഞ്ഞ് ചട്ടവിരുദ്ധമായി അദ്ദേഹം മറുപടി പറയാൻ തുടങ്ങിയപ്പോഴാണ് മാണിസാർ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ എഴുന്നേറ്റത്. അതിനെ തുടർന്നാണ് പ്രശ്നങ്ങളുണ്ടായത്. മാണിസാറിനെ അനുവദിക്കുകയും അദ്ദേഹത്തിന് മൈക്ക് കൊടുക്കുകയും ചെയ്തു. മാണിസാറിന്റെ പോയിന്റ് ഓഫ് ഓർഡർ കേട്ടതിനുശേഷം അങ്ങ് അതുസംബന്ധിച്ച് ഒരു റൂളിംഗ് തരണം. ആ റൂളിംഗ് ഞങ്ങൾ കേൾക്കും.....(ബഹളം).....

മി. സ്പീക്കർ: യെസ്..... ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി .....നിയമ വകുപ്പുമന്ത്രി.....

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ബഹുമാനപ്പെട്ട..... മൈക്കുണ്ട്.....(ബഹളം).....

മി. സ്പീക്കർ: കൊടുക്കാം കൊടുക്കാം.....പ്ലീസ്.....പ്രതിപക്ഷ നേതാവ് പറഞ്ഞ സമയത്ത് നിയമ വകുപ്പുമന്ത്രി എഴുന്നേറ്റ് നിന്നു.....

ശ്രീ. എം. വിജയകുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....(ബഹളം).....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് വസ്തുതാപരമായി ശരിയല്ല. അങ്ങ് തന്നെ നേരിൽ കേട്ട കാര്യമാണ്. ഇവിടെ ബഹുമാനപ്പെട്ട വി.ഡി. സതീശന്റെ സബ്മിഷൻ എഴുതി കൊടുത്താണല്ലോ ഉന്നയിക്കുക, എഴുതി കൊടുത്ത് ഉന്നയിച്ച സബ്മിഷനാണെങ്കിലും അദ്ദേഹം ഒരുപാട് കാര്യങ്ങൾ, പുറത്തുനിന്ന് മുഖ്യമന്ത്രിയെ.....(ബഹളം)..... മുഖ്യമന്ത്രിയെ വ്യക്തിപരമായി ബാധിക്കുന്ന കാര്യങ്ങളുൾപ്പെടെ, മുഖ്യമന്ത്രിയുടെ ഓഫീസിനെ ബാധിക്കുന്ന കാര്യങ്ങളുൾപ്പെടെ മുഖ്യമന്ത്രിയുടെ മകനെ സംബന്ധിക്കുന്ന കാര്യങ്ങളുൾപ്പെടെ എഴുതിക്കൊടുക്കാത്ത ഒട്ടേറെ കാര്യങ്ങൾ ഉന്നയിച്ചു, അതിനുള്ള മറുപടിയാണ് മുഖ്യമന്ത്രി പറഞ്ഞത്. അതുകൊണ്ട് പ്രതിപക്ഷ നേതാവ് പറഞ്ഞത് വസ്തുതാപരമായി ശരിയല്ല. ഇതിൽ യാതൊരു ക്രമപ്രശ്നവുമില്ല. അങ്ങ് തീരുമാനിക്കണം എന്താണ് വേണ്ടതെന്ന്..... (ബഹളം).....

മി. സ്പീക്കർ: യെസ്.....ശ്രീ. കെ. എം. മാണി.....

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ..... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ....(ബഹളം).....സർ, ഇത് ഞാൻ എഴുന്നേൽക്കുമ്പോൾ എനിക്ക്.....(ബഹളം).....ബഹുമാനപ്പെട്ട വി.ഡി. സതീശൻ എഴുതിത്തന്ന സബ്മിഷന്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.....(ബഹളം)..... മുഖ്യമന്ത്രിക്ക് ഇനിയും അവസരമുണ്ട് സംസാരിക്കാൻ.....മുഖ്യമന്ത്രിക്ക് സംസാരിക്കാൻ അവസരം കൊടുക്കും.....(ബഹളം).....യെസ്... ശ്രീ. കെ. എം. മാണി.....മുഖ്യമന്ത്രിക്ക് അവസരം കൊടുക്കും സംസാരിക്കാൻ.....

ശ്രീ. കെ. എം. മാണി: സർ, സി.ബി.ഐ.....

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് സംസാരിക്കാൻ അവസരം കൊടുക്കും.....

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട വി.ഡി. സതീശൻ..... ഇവിടെ സബ്മിഷൻ ഉന്നയിച്ചിരുന്നത്.....(ബഹളം).....

മി. സ്പീക്കർ: യെസ്.....ശ്രീ. കെ. എം. മാണി.....

ശ്രീ. കെ. എം. മാണി: സർ, ഞാൻ എന്ത് ചെയ്യാനാണ് സർ, എപ്പോഴും.....(ബഹളം).....

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് അവസരം കൊടുക്കും.....(ബഹളം)..... യെസ്.....ശ്രീ. കെ. എം. മാണി.....

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട സതീശൻ.....(ബഹളം).....

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് സംസാരിക്കാനുള്ള അവസരം കൊടുക്കാമെന്ന് പറഞ്ഞില്ലേ? .....യെസ്.....

ശ്രീ. കെ. എം. മാണി: സർ, ബഹുമാന്യനായ വി.ഡി. സതീശൻ .....(ബഹളം).....

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് ഇനിയും സംസാരിക്കാനുള്ള അവസരം കൊടുക്കാമെന്ന് ചെയർ പറഞ്ഞതല്ലേ? .....(ബഹളം).....ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....ഇവിടെ സബ്മിഷൻ ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറയണം.....യെസ്.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സബ്മിഷനുമായി ബന്ധപ്പെട്ട്.....

മി. സ്പീക്കർ: ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറയുക.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സബ്മിഷനുമായി ബന്ധപ്പെട്ട് ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യങ്ങളെല്ലാം.....സബ്മിഷനുമായി ബന്ധപ്പെട്ടതും അല്ലാത്തതുമയെ കാര്യങ്ങൾ.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.....(ബഹളം)..... മുഖ്യമന്ത്രി സംസാരിക്കുകയല്ലേ?....ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....(ബഹളം) .....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ശ്രീ. വി. ഡി. സതീശൻ സബ്മിഷനുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ കുറെയധികം കാര്യങ്ങൾ പറഞ്ഞു. അതിനെല്ലാം മറുപടി പറയേണ്ടത് എന്റെ ചുമതലയാണ്. അതിന് ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകിയിരിക്കുന്നു എന്ന് ഞാൻ കരുതുന്നു. ഐസ്ക്രീം കേസ്സിൽ റൗഫ് കുഞ്ഞാലിക്കുട്ടിയുടെ വേണ്ടപ്പെട്ടവനായിരിക്കുകയും പിന്നീട് ശത്രുവാകുകയും ചെയ്ത ബന്ധു തെളിവുകൾ തന്നതിനാൽ കേസെടുത്തു.....(ബഹളം).....അതുപോലെ ആരോപണങ്ങൾക്ക് തെളിവുകൾ നിരത്തിയാൽ പോലീസ് അന്വേഷിക്കും ....(ബഹളം).....

മി. സ്പീക്കർ: യെസ് .....(ബഹളം).....

ശ്രീ. എം. വിജയകുമാർ: സർ, എങ്കിൽ പാസാക്കി പിരിയാം .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മാണിസാറിനെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അങ്ങ് അനുവദിച്ചതാണ് എന്നിട്ട് അതിന് അവസരം കൊടുക്കാത്തത് ഭരണകക്ഷിക്കാരാണ്.....(ബഹളം).....

മി.സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുന്നു.....(ബഹളം).....അല്ല ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ.....പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങ് മാണിസാറിനെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻവേണ്ടി അനുവദിച്ചതാണ്. മാണിസാർ ആ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കട്ടെ. സ്പീക്കർ പറഞ്ഞാൽ പോലും കേൾക്കാത്ത ഭരണകക്ഷിയാണ്, മന്ത്രിമാരാണ് എന്ന് പറഞ്ഞാൽ ഇതെന്തൊരു നീതിയാണ്? ഞങ്ങൾ സഹകരിക്കാൻ തയ്യാറാണ്. പക്ഷേ സ്പീക്കർ പറയുന്നത് ഭരണ കക്ഷിക്ക് കേൾക്കാൻ ബാദ്ധ്യതയുണ്ട്. അവരും കേൾക്കണം. അങ്ങ് അനുവദിച്ചിട്ടാണ് മാണിസാർ എഴുന്നേറ്റത്. മൈക്ക് കൊടുത്തു. മാണിസാർ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കട്ടെ.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. .....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. .....(ബഹളം).....

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രതിപക്ഷം അങ്ങയോട് സഹകരിക്കാൻ തയ്യാറാണ്. പക്ഷേ ഭരണകക്ഷി അങ്ങ് പറയുന്നതെങ്കിലും കേൾക്കണം. ഞങ്ങൾ സഹകരിക്കാൻ തയ്യാറാണ്. പക്ഷേ മന്ത്രിമാർക്കും ഭരണകക്ഷിക്കും സഭ നടത്തിക്കൊണ്ട് പോകണ്ടായെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെന്നുണ്ടെങ്കിൽ ഞങ്ങൾ എന്തുചെയ്യണം. .....(ബഹളം)..... അങ്ങ് ശ്രീ. കെ. എം. മാണി സാറിനെ പോയിന്റ് ഓഫ് ഓർഡർ അവതരിപ്പിക്കാൻ അനുവദിച്ചതാണ്. ശ്രീ. കെ. എം. മാണി സാറിന്റെ പോയിന്റ് ഓഫ് ഓർഡർ പറയട്ടെ. അങ്ങ് ഒരു തീരുമാനമെടുക്കണം. ഞങ്ങൾ അത് സ്വീകരിക്കാൻ തയ്യാറാണ്.

മി. സ്പീക്കർ: യെസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇവിടെ സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് .....(ബഹളം).....

മി. സ്പീക്കർ: യെസ്..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലേക്ക് പോകണം. .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾ പോകാം. അവർ ഇരിക്കട്ടെ. ഇവർ പോരും. അവർ ഇരിക്കട്ടെ .....(ബഹളം)..... ഞങ്ങൾ സഹകരിക്കാൻ തയ്യാറാണ്. .....(ബഹളം)..... സഹകരിക്കാൻ തയ്യാറാണ്. ..... (ബഹളം)..... നമുക്ക് ഇരിക്കാം. ഒരു പ്രാവശ്യംകൂടി നോക്കാം. ..... (ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....(ബഹളം)..... അങ്ങ് പ്രസംഗിച്ച് അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ..... (ബഹളം)..... ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അങ്ങ് സീറ്റിലേക്ക് പോകണം. പ്ലീസ്..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ..... (ബഹളം).....

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഐസ്ക്രീം കേസ്സിൽ .....(ബഹളം).....

മി. സ്പീക്കർ: കൊടുക്കാം .....(ബഹളം)..... പറഞ്ഞ് കഴിഞ്ഞോട്ടെ. പറഞ്ഞു കഴിഞ്ഞാൽ കൊടുക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഐസ്ക്രീം കേസ്സിൽ റൗഫ് എന്ന ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ വേണ്ടപ്പെട്ടവനായിരിക്കുകയും പിന്നീട് ശത്രുവാകുകയും ചെയ്ത ബന്ധു തെളിവുകൾ തന്നതിനാൽ കേസ്സെടുത്തു. .....(ബഹളം)..... അതുപോലെ ആരോപണങ്ങൾക്ക് തെളിവ് നിരത്തിയാൽ പോലീസ് അന്വേഷിക്കും. അനധികൃത കെട്ടിടനിർമ്മാണം ഇടിച്ചുനിരത്തിയതിന്റെ കൊതിക്കെറുവുകളുള്ളവർ ഏതെങ്കിലും ആരോപണം ഉന്നയിക്കുന്നത് .....(ബഹളം)..... ഉന്നയിക്കുമ്പോൾ അത് തിരിച്ചു കൊള്ളുന്നത് യു.ഡി.എഫ്.നുതന്നെയായിരിക്കും. സുപ്രീം കോടതിക്കെതിരെ അതീവ ഗൗരവതരമായ ആരോപണമുന്നയിച്ച യു.ഡി.എഫ്. നേതാക്കൾ ഇതേക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിക്കണം. സി.ബി.ഐ. .....(ബഹളം)..... എൻ.ഐ.എ. തുടങ്ങിയ പ്രധാനപ്പെട്ട .....(ബഹളം)..... രക്ഷിക്കേണ്ടത് ഇക്കാര്യത്തിൽ അടിയന്തരമായി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും തുനിയണം. അതല്ല അഴിമതിക്കാരെയും പെൺവാണിഭക്കാരെയും കയ്യാമം വയ്ക്കുന്നതിൽ..... (ബഹളം)..... ഉണ്ടെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി .....(ബഹളം).....

ശ്രീ. കെ. എം. മാണി: സർ, ...(ബഹളം)..... അങ്ങൊന്ന് ശാന്തമാകാൻ പറയൂ.....

മി. സ്പീക്കർ: യെസ് .....(ബഹളം)..... ശ്രീ. കെ. എം. മാണി .....(ബഹളം).....

ശ്രീ. കെ. എം. മാണി: സർ, ചട്ടം 304 അനുസരിച്ചുള്ള ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി .....(ബഹളം)..... ശ്രീ. കെ. എം. മാണി.....

ശ്രീ. കെ. എം. മാണി: സർ, ഞാൻ പറയാം. അങ്ങൊന്ന് ശാന്തമാക്കൂ.

മി. സ്പീക്കർ: അങ്ങ് പറഞ്ഞോളൂ. .....(ബഹളം).....

ശ്രീ. കെ. എം. മാണി: സർ, ചട്ടം 304 അനുസരിച്ച് ..... (ബഹളം).....

മി. സ്പീക്കർ: ശ്രീ. കുഞ്ഞിരാമൻ ..... (ബഹളം)..... ശ്രീ. കുഞ്ഞിരാമൻ .....(ബഹളം)..... ശ്രീ. കെ. എം. മാണി ..... (ബഹളം).....

ശ്രീ. കെ. എം. മാണി: സർ, അവരോട് സീറ്റിലിരിക്കാൻ പറയൂ.

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ .....(ബഹളം).....

ശ്രീ. കെ. എം. മാണി: സർ, ചട്ടം 304 അനുസരിച്ചുള്ള ..... (ബഹളം)..... അവരോട് സീറ്റിലിരിക്കാൻ പറയൂ. .....(ബഹളം).....

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ശ്രീ. കെ. എം. മാണി: സർ, സംസാരിക്കാം. അവരോട് ബഹളം നിറുത്താൻ പറയൂ. .....(ബഹളം)..... ചട്ടം 304 അനുസരിച്ചുള്ള .....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പാമോയിൽ ഇടപാടിലൂടെ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് സംസാരിച്ച് കഴിഞ്ഞുവെന്ന് പറഞ്ഞു. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ആവർത്തിച്ച് പറഞ്ഞുകൊണ്ട് നടക്കുകയാണ്. .....(ബഹളം)..... ഇതിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ പങ്ക് എന്ത് എന്ന കാര്യത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. .....(ബഹളം)..... ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഈ ഇടപാടിൽ പങ്കുണ്ടെന്ന് വ്യക്തമാക്കുന്ന ഒരു ഹർജി പാമോയിൽ കേസ്സിലെ നാലാം പ്രതിയായ മുൻ .....(തടസ്സം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, കോടതിയിൽ സമർപ്പിച്ചതായി പത്രങ്ങളിൽ വാർത്ത കണ്ടു. അതിനെക്കുറിച്ചും ഞാൻ ഒരു അഭിപ്രായവും പറയുന്നില്ല. അതൊക്കെ കോടതി തീരുമാനിക്കേണ്ട കാര്യമാണ്. ..... (ബഹളം)..... പതിനാലുകൊല്ലമായി നീണ്ട ഒരു നിയമയുദ്ധം നടത്തി ബഹുമാനപ്പെട്ട സുപ്രീം കോടതിതന്നെ പാമോയിൽ കേസ്സിന്റെ വിചാരണ നടത്താൻ അനുമതി നൽകിയ സാഹചര്യത്തിൽ ഈ കൊടുംഅഴിമതിയെ വെള്ളപൂശാൻ ശ്രീ. ഉമ്മൻ ചാണ്ടി നടത്തുന്ന ശ്രമം വിലപ്പോകില്ല. .....(ബഹളം)..... ഈ ഇടപാടുമൂലം വൻലാഭമാണ് ..... (ബഹളം)..... കോർപ്പറേഷന് ഉണ്ടായതെന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ അവകാശവാദം പാടേ .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചു കഴിഞ്ഞോ? .....(ബഹളം)..... യെസ് .....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇനിയുമുണ്ട്. ..... (ബഹളം)..... ഇവർ ബഹളം വച്ചാൽ എങ്ങനെയാണ്? ഇനിയും വായിക്കാനുണ്ട്. .....(ബഹളം).....

മി. സ്പീക്കർ : യെസ്, യെസ്.....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലേക്ക് പോകണം.....(ബഹളം)..... ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് സബ്മിഷനുള്ള മറുപടി പറഞ്ഞ് അവസാനിപ്പിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, സബ്മിഷനാണ് ഞാൻ മറുപടി പറയുന്നത്. പാമൊലിൻ ഇടപാടിൽ ..... (ബഹളം).....

മി. സ്പീക്കർ : യെസ്, യെസ് .....(ബഹളം) ..... അവസരം തരാമെന്ന് പറഞ്ഞില്ലേ. .....(ബഹളം) ..... സഭ അല്പനേരത്തേക്ക് നിറുത്തി വയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.35-ന് നിറുത്തിവച്ച സഭ 11.40-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ബഹുമാനപ്പെട്ട വി. ഡി. സതീശന്റെ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞുകൊണ്ടിരുന്ന സന്ദർഭത്തിൽ സഭയിൽ ബഹളമുണ്ടായതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിക്ക് ആ മറുപടി പൂർണ്ണമായും പറയാൻ കഴിഞ്ഞിട്ടില്ല. .....(ബഹളം)..... യെസ്, മറുപടി പറഞ്ഞുകൊണ്ടിരുന്ന സമയത്ത് തന്നെയാണ്. ചെയർ പറഞ്ഞു കഴിയട്ടെ. .....(ബഹളം)..... യെസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം ശ്രീ. കെ. എം. മാണിക്ക് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ... (ബഹളം).....

മി. സ്പീക്കർ: യെസ്, യെസ്..... മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം ശ്രീ. കെ. എം. മാണിയെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അനുവദിക്കുന്നതാണ്. .....(ബഹളം)..... ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അനുവദിക്കുന്നതാണ്. .....(ബഹളം)..... ചെയർ അടുത്ത നടപടിയിലേക്ക് കടക്കുകയാണ്. .....(ബഹളം).....

V റിപ്പോർട്ട് സമർപ്പണം

(1) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ തൊണ്ണൂറ്റി ഏഴ് മുതൽ തൊണ്ണൂറ്റി ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ തൊണ്ണൂറ്റി ഏഴ് മുതൽ തൊണ്ണൂറ്റി ഒൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി, Not in the seat.

LIBRARY ARCHIVES Kerala Legislative Assembly